# കൈയ്യൊപ്പ്
# 2019-20

LITTLE KITES
GHSS AZHOOR


ഓരോ വീടും
ഓരോ വിദ്യാലയമാണ്
മാതാപിതാക്കൾ
അദ്ധ്യാപകരും..


പരാജയമെന്നത് നിങ്ങൾക്ക്
കൂടുതൽ കരുത്തോടെ
തിരിച്ചുവരാനുള്ള അവസരമാണ്..
88
www.AllQuotesIcon.com


നിങ്ങൾക്ക് ഒരു
സൂര്യനെപ്പോലെ
തിളങ്ങണമെങ്കിൽ,
ആദ്യം സൂര്യനെപ്പോൽ
കത്തിജ്ജ്വലിക്കുക..

## കുരങ്ങാണെന്നു വിളിക്കാമോ ?

അനന്ത കൃഷ്ണൻ IX A

തലകീഴായി
ത്തൂങ്ങുന്നവനെ
വവ്വാല്ലെന്നു
വിളിക്കാമെങ്കിൽ
തല കീഴായി ഞാൻ
തൂങ്ങുന്നേരം
വവ്വാല്ലെന്നു
വിളിക്കേണ്ടേ ?
പേരിനു മാത്രം
വലുള്ളവനെ
വവ്വാല്ലെന്നു
വിളിക്കാമെങ്കിൽ
കുറയ്ക്കുവാനറി-
യത്തോരെന്നെ
കുരങ്ങാണെന്നു
വിളിക്കാമോ ?

# കുഞ്ഞിപ്പൂച്ച

-അനന്തകൃഷ്ണൻ IX A

കുഞ്ഞിക്കുനൻ കുഞ്ഞുണ്ണി
കഞ്ഞികുടിക്കാൻ വന്നപ്പോൾ
കഞ്ഞിക്കിണ്ണം തട്ടിമറിച്ചു
കുഞ്ഞിപ്പൂച്ച കള്ളത്തി!
കുഞ്ഞിക്കുനൻ പാവത്താൻ
കഞ്ഞികുടിച്ചില്ലന്നൊട്ടും
കഞ്ഞിക്കിണ്ണം നക്കിമിനുക്കി
കുഞ്ഞിപ്പൂച്ച വമ്പത്തി!

**നൊമ്പരത്താളുകൾ**

മനസിലെ ,
മായാത്ത രൂപമേ
മറക്കാത്ത സ്വപ്നമേ
നീ എന്നിൽ നിന്നകലരുതേ
സ്നേഹിച്ചിരുന്നു ഞാൻ
നിന്നെ ,
എന്നിലെ എന്നെക്കാളും ,
എന്നിട്ടും ,
എന്തേ നീ അറിഞ്ഞില്ല
ഹൃദയത്തിൽ നൊമ്പരത്താളുകൾ
തഴുകി നീ എന്നിൽ നിന്നകന്നുവോ ?
എന്തേ നീ എന്നിൽ നിന്നകന്നുവോ ?
ആകാശത്തോണിയിൽ ,
താരങ്ങൾ തിളങ്ങുമ്പോൾ
എന്തേ നീ എന്നെ ഓർത്തില്ല?
ഓരോ മഴത്തുള്ളിയും പെയ്തിറങ്ങുമ്പോൾ
നിന്നെ ഞാൻ ഓർക്കുന്നു
നിൻമുടിച്ചുരുളിലെ ഓരോ നീർതുള്ളിയും
നിന്നിലെ സൗമ്യ സ്വരവും ഞാനെന്നുമോർക്കുന്നു
പിന്നെയോ ,
നിൻ നീലമിഴികളും
ഞാൻ എത്രമേൽ സ്നേഹിച്ചിരുന്നു
ഓരോ ദിനവും വിട നൽകുമ്പോൾ
എന്നിൽ ദുഃഖം ഉണരുന്നു
മഴവില്ലിൻ ,
അഴകുള്ള നിൻ രൂപം എന്നിൽ
വന്നു നിറയുന്നു

## മരംകൊത്തിയമ്മയും അണ്ണാറക്കണ്ണനും




കിങ്ങിണി പുഴയുടെ അരികിൽ മാനംമുട്ടെ ഉയർന്നു നിൽക്കുന്ന ഒരു ആഞ്ഞിലിമരപ്പൊത്തിലാണ് കുഞ്ഞിത്തത്തയുടെ താമസം! ആഞ്ഞിലിമരത്തിന്റെ തൊട്ടടുത്തുള്ള വലിയ ഒരു തെങ്ങിലാണ് അണ്ണാറക്കണ്ണനും മക്കളും കൂടി താമസിക്കുന്നത്.

അണ്ണാറക്കണ്ണൻ മഹാ ഉപദ്രവകാരിയാണ്.ഓരോ തവണയും കുഞ്ഞിത്തത്തമ്മ തന്റെ കൂട്ടിൽ മുട്ടയിടുംപ്പോൾ അണ്ണാറക്കണ്ണൻ വന്നു മുട്ടകൾ നശിപ്പിക്കുന്നത് പതിവാണ്.പാവം കുഞ്ഞിത്തത്തമ്മ,അവൾ അണ്ണാറക്കണ്ണനെ ഉപദ്രവിചില്ല.പകരം പല പ്രാവിശ്യം തന്റെ മുട്ടകൾ നശിപ്പിക്കരുതെന്നു കുഞ്ഞിത്തത്തമ്മ അണ്ണാറക്കണ്ണനോട് അപേക്ഷിച്ചു.പക്ഷേ, അണ്ണാറക്കണ്ണൻ അത് വകവെച്ചില്ല.അവൻ വീണ്ടും തന്റെ കുസൃതിത്തരം തുടർന്നുകൊണ്ടിരുന്നു.

അണ്ണാറക്കണ്ണന്റെ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ,പാവം കുഞ്ഞിത്തത്തമ്മ തന്റെ കൂടുപേക്ഷിച്ചു ദൂരെ എങ്ങോ പറന്നു പോയി. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു മരംകൊത്തിയമ്മ ആഞ്ഞിലിമരത്തിലെ കുഞ്ഞിത്തത്തമ്മയുടെ കൂട്ടിൽ താമസം തുടങ്ങി. മരംകൊത്തിയമ്മയും മുട്ടകളിടുംപ്പോൾ അണ്ണാറക്കണ്ണൻ വന്നു മുട്ടകൾ നശിപ്പിച്ചു.മരംകൊത്തിയമ്മ ദേഷ്യത്തോടെ അണ്ണാറക്കണ്ണനോട് പറഞ്ഞു."അണ്ണാറക്കണ്ണാ,ഇനി മേലിൽ നീ എന്റെ കൂട്ടിൽ വന്നു മുട്ടകൾ നശിപ്പിക്കരുത് .......!"

"ഹി,ഹി ,ഹി..." അണ്ണാറക്കണ്ണൻ മരംകൊത്തിയമ്മയെ കളിയാക്കി ചിരിച്ചു കൊണ്ട് ചാടിചാടിപ്പോയി.
മരംകൊത്തിയമ്മ പിന്നെയും മുട്ടകളിട്ടപ്പോൾ അണ്ണാറക്കണ്ണൻ വന്നു വീണ്ടും മരംകൊത്തിയമ്മയുടെ മുട്ടകൾ നശിപ്പിച്ചു.അണ്ണാറക്കണ്ണൻ വീണ്ടും മുട്ടകൾ നശിപ്പിച്ചപ്പോൾ മരംകൊത്തിയമ്മക്ക് അരിശം മൂത്തു.മരംകൊത്തിയമ്മ അണ്ണാറക്കണ്ണനെ താൻ താമസിക്കുന്ന കൂട്ടിൽ ചെന്ന് അവന്റെ മക്കളെ വല്ലാതെ ഉപദ്രവിച്ചു.അണ്ണാറക്കണ്ണന്റെ മക്കൾ ചിൽ ചിൽ എന്ന് ഉറക്കെ കരഞ്ഞു.
അണ്ണാറക്കണ്ണൻ തന്റെ മക്കളുടെ കരച്ചിൽ കേട്ട് ഓടിവന്നത്.മരംകൊത്തിയമ്മ ദേഷ്യത്തോടെ അണ്ണാറക്കണ്ണന്റെ ശരീരം മുഴുവൻ കൊത്തിമുറിച്ചു.
വേദന സഹിക്കവയ്യാതെ അണ്ണാറക്കണ്ണൻ ഉച്ചത്തിൽ കരഞ്ഞു കൊണ്ട് പറഞ്ഞു: "അയ്യോ മരംകൊത്തിയമ്മേ,എന്നെയും മക്കളെയും ഇനി കൊത്തല്ലേ.ഞാൻ ഇനി ഒരിക്കലും മുട്ട നശിപ്പിക്കാൻ വരുകയില്ല...എന്നോട് ക്ഷമിക്കണേ...!
പിന്നെ മരംകൊത്തിയമ്മ,അണ്ണാറക്കണ്ണനെയും മക്കളെയും ഉപദ്രവിച്ചില്ല. അണ്ണാറക്കണ്ണൻ പിന്നെ മരംകൊത്തിയമ്മയുടെ മുട്ടകൾ നശിപ്പിച്ചില്ല.
മരംകൊത്തിയമ്മയും മക്കളും,അണ്ണാറക്കണ്ണനും മക്കളും കൂടി വളരെ സ്നേഹത്തോടെയാണ് പിന്നീടുള്ള കാലം ജീവിച്ചത്.

# സ്വപ്നം

സ്വപ്നത്തിലെനിക്ക്
ചിറകുകൾ ഉണ്ടായിരുന്നു
വെള്ള ളുവൽ ചിറകുകൾ
ആകാശത്തിൽ പൊങ്ങി പറക്കവേ
പഞ്ഞിപോൽ നനുത്ത
മേഘങ്ങളെ തൊട്ടു ഞാൻ
കണ്ടു ദേശാടനകിളികളെ
വിമാനങ്ങളെ
താഴെ ആർത്തിരമ്പുന്ന കടൽ
കണ്ട മാത്രയിൽ
എൻ മനസൊന്നു പിടഞ്ഞു
ചിറകുകൾ തളർന്നു
ഞാൻ താഴേക്കു
പോകയായി
ചിറകു തന്ന സ്വപ്ന ദേവത
അവ രണ്ടും തിരിച്ചെടുത്തു
അന്നുഞാൻ പഠിച്ചു
സ്വപ്നങ്ങൾക്കുമുണ്ട് അതിരുകൾ
നൂൽ കെട്ടിയ  പട്ടം കണക്കെ
പിന്നീടെൻ  സ്വപ്നങ്ങൾ.....
നൂലൊന്ന് പൊട്ടിയാലോ
പിന്നെ സ്വപ്നവുമില്ല ഞാനുമില്ല

# പാപ്പിചേട്ടൻ

ഷിബിൻ എസ് IX

പായസമുണ്ണാൻ പാപ്പിചേട്ടനു
പതിവില്ലാത്തൊരു പൂതി
പപ്പു നടത്തും ഹോട്ടലിലെത്തി
പാപ്പി ചേട്ടൻ ഇരുന്നു
പായസമുണ്ടെ പലതരമിവിടെ,
പാലടതന്നെ കഴിച്ചു .
പണംകൊടുക്കാൻ നോക്കുംനേരം
പാപ്പിചേട്ടൻ ഞെട്ടി .
"പഴ്സും പണവും കാണാനില്ല
പണിയായല്ലോ പപ്പു"
"പാപ്പിചേട്ട,പണമില്ലെങ്കിൽ
പാത്രം കഴുകിക്കോളൂ."
പപ്പു പറഞ്ഞത് കേട്ടൊരു ചേട്ടൻ
പാത്രം കഴുകൽ തുടങ്ങി.
പാതിരാനേരം പണികൾ തീർത്തു,
പാപ്പിചേട്ടൻ എണിറ്റു,
പപ്പുച്ചേട്ടൻ പാപ്പിചേട്ടനു
പാലട ബാക്കി കൊടുത്തു
പാട്ടും പാടി പാപ്പിചേട്ടൻ
പാലട മോന്തി നടന്നു.

എന്റെ ബാല്യ ലോകം

എന്റെ വിദ്യാലയം
അറിവിന്റെ നിറവിന്റെ സൗഹൃദാലയം
അ എന്ന് ആദ്യം പഠിപ്പിച്ച-
എന്റെ വിദ്യാലയം .

ഒരിക്കലും മറക്കാത്ത മധുരമാം ,
ഓർമ്മകൾ നിറഞ്ഞ എന്റെ വിദ്യാലയം

പല സ്നേഹ കരങ്ങളാൽ ,
പൊതിഞ്ഞ പൊതിച്ചോറിന്റെ സ്വാദറിയിച്ച
സൗഹൃദങ്ങൾ ,
കൊതിയൂറും ബാല്യകാലം
എന്റെ വിദ്യാലയം ..

# RAIN the pearl HEAVEN

Rain rain rain
the pearls come down
the daughter of heaven
camed to the earth

she the beautiful
arrives with beats and dots
and moves with music
and she touch the graceful nature

everything will blossom with
her praising touch
everyone dance with
the music of hers

she dance and falls
through the ground
the falled pearls
broke down

after the song and dance
she cools down
and she made the nature greeny